**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 491** **10-02-2025 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാര്യക്ഷമമായ പരിശോധനകൾ ഇല്ലാത്തതിനാൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാര്യക്ഷമമായ പരിശോധനകൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് പുനഃ സംഘടനയിലൂടെ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചുകൊണ്ടു സംസ്ഥാനത്ത് 24 മണിക്കൂറും ചരക്കു വാഹനങ്ങളുടെയും അവയിലൂടെയുള്ള ചരക്ക് നീക്കത്തിനു ആവശ്യമായ രേഖകളുടെയും പരിശോധന ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരം പരിശോധനയിൽ ക്രമക്കേടും നികുതി വെട്ടിപ്പും കണ്ടെത്തുന്നവയിൽ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നടപടികളെടുക്കുന്നു. |
| (ബി) | സംസ്ഥാനത്ത് വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാനാതിർത്തികളിൽ ഏർപ്പെടുത്തിയിരിക്കുന്ന പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി സംസ്ഥാനത്ത് വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ട്. അതിർത്തികളിൽ പ്രത്യേകമായി ഉള്ള സംവിധാനങ്ങൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ട ANPR ക്യാമറകളുമാണ്. |
| (സി) | നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ഇ-വേ ബിൽ ഏതെല്ലാം മേഖലകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; ആയതിന്റെ പുരോഗതി വിശദമാക്കുമോ; | (സി) | അൻപതിനായിരം രൂപയ്ക്കു മുകളിൽ നികുതി വിധേയമായ സാധനങ്ങൾ വാഹനങ്ങളിൽ കൊണ്ട് പോകുമ്പോൾ ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്.കൂടാതെ 2025 ജനുവരി 20 മുതൽ സ്വർണ്ണത്തിനും മറ്റ് വിലയേറിയ രത്നങ്ങളുടെയും പത്ത് ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ഡി) | ചെക്ക് പോസ്റ്റുകളിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പരിശോധന നടത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാനത്ത് ജി.എസ്.ടി നിയമം നിലവിൽ വന്നതോടുകൂടി വകുപ്പിലെ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ